പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1197 12.07.2016 ൽ മറുപടിക്ക്

## റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ മന്ത്രി) | |
| (എ) | ഗതാഗതക്കുരുക്കുള്ള റോഡുകളിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ഗതാഗതക്കുരുക്കുള്ള റോഡുകളിൽ തിരക്കേറിയ സമയങ്ങളിൽ എൻഫോഴ്സ്മെന്റ് വിഭാഗം ജാഗ്രത പുലർത്തുന്നുണ്ട്. ഗതാഗത നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്തുകയും അമിതവേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ കണ്ടുപിടിച്ച് പിഴ ചുമത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക വഴി നിയമ ലംഘനം കുറയ്ക്കുകയും അപകടങ്ങൾ കുറയ്ക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് വിവിധ സ്ഥലങ്ങളിൽ നിരീക്ഷ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ദേശീയ പാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി നഗരത്തിലെ സ്കൂളുകളുടെ പ്രവർത്തനസമയം പുന:ക്രമീകരിക്കണമെന്ന ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; അതിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ മായി ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പുമായി ഏകോപിച്ച് വകുപ്പ് പ്രവർത്തനം നടത്തിയിട്ടില്ല. എന്നാൽ കോവളം, കൊല്ലം റോഡിൽ ട്രാഫിക് സൈൻ ബോർഡു കൾ സ്ഥാപിക്കുന്നതിന് 2009 ൽ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും 8,37,00,000/- രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ